# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2777** 　　 **02.04.2013-ൽ മറുപടി നൽകേണ്ടത്**

## പൗരാവകാശരേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ റ്റി.എൻ.പ്രതാപൻ<br>ശ്രീ കെ മുരളീധരൻ<br>ശ്രീ ആർ. സെൽവരാജ്<br>ശ്രീ പി.എ.മാധവൻ | ശ്രീ അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) എല്ലാ റവന്യൂ ഓഫീസുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) റവന്യൂ വകുപ്പിലെ സമഗ്ര വിവരങ്ങൾ അടങ്ങിയ പ്രമാണിക രേഖയായ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വെ വകുപ്പിന്റെ പൗരാവകാശരേഖയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ലാന്റ് ബോർഡ്, പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങളെന്തെല്ലാം;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത് വിശദമാക്കുമോ; | (ബി) + (സി)<br>ഓരോ സർക്കാർ സ്ഥാപനവും അനുവർത്തിക്കേണ്ട സേവന മാനദണ്ഡം, സേവനമര്യാദ, വിവേചനരഹിതമായ സമീപനം, പരാതി പരിഹാര പ്രക്രിയ മുതലായവയും ഒരു പൗരന്റെ ചുമതലകളും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുക എന്നുള്ളതാണ് പൗരാവകാശരേഖയുടെ അടിസ്ഥാന ലക്ഷ്യം. എല്ലാ സർക്കാർ ഓഫീസുകളിലും അതതു ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, സമയപരിധി, പ്രസ്തുത ഓഫീസിനെ സംബന്ധിച്ച പ്രസക്തമായ മറ്റ് വിവരങ്ങൾ എന്നിവ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് പൗരാവകാശരേഖയായി പ്രസിദ്ധീകരിക്കുകയും നടപ്പിൽ വരുത്തുകയുമാണ് ഇതിന്റെ ഉദ്ദേശ്യം. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) റവന്യൂ വകുപ്പിൽ കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ, സർവ്വെയും ഭൂരേഖയും വകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, ലാന്റ് ബോർഡ് എന്നീ വിഭാഗങ്ങളാണ് ഇതുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ